# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

(വെബ് എഡീഷൻ മാത്രം)

2007 ഏപ്രിൽ 2

# പ. പിതാവ് കോലഞ്ചേരിയിൽ

**അൽമായവേദി ന്യൂസ് സർവീസ്**

കോലഞ്ചേരി: ചികിത്സയിൽ കഴിയുന്ന പ. കാതോലിക്കാ ബാവാ കോലഞ്ചേരി മെഡിക്കൽ കോളജിലെത്തി.

ചികിത്സയ്ക്കു തടസമുണ്ടാകാതെ വിശുദ്ധവാര ശുശ്രൂഷകളിൽ പങ്കെടുക്കുവാനുള്ള സൗകര്യം കൂടി പരിഗണിച്ചാണ്. പ. പിതാവിന്റെ സ്വന്തം താല്പര്യപ്രകാരം അദ്ദേഹത്തെ മികച്ച സൗകര്യങ്ങളുള്ള കോലഞ്ചേരി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചത്.

ഇന്നലെ കോലഞ്ചേരി മെഡിക്കൽ കോളജ് ചാപ്പലിൽ നടന്ന ഓശാന ശുശ്രൂഷകൾക്ക് പ. പിതാവ് നേതൃത്വം നൽകി. കോലഞ്ചേരി മെഡിക്കൽ കോളജ് ചാപ്പലിലെ മുഴുവൻ ഹാശാ ശുശ്രൂഷകൾക്കും പ. പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുമെന്ന് പ. ബാവായുടെ ഓഫീസ് അറിയിച്ചു.

**പ. പാമ്പാടി തിരുമേനി**

**ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 8, 9 തീയതികളിൽ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ**



# സഭാകേസുകൾ അവസാനഘട്ടത്തിലേക്ക്

**(നിയമകാര്യ ലേഖകൻ)**

സഭാസംബന്ധമായി 1971 -ൽ ആരംഭിച്ച കേസുകൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ പരിസമാപ്തിയിലെത്തുമെന്ന ശുഭാപ്തി വിശ്വാസം നിയമവൃത്തങ്ങളിൽ ഉയർന്നിട്ടുണ്ട്. 1995 ലെ സുപ്രീംകോടതി വിധിയും അതിന്റെയടിസ്ഥാനത്തിൽ 2002 -ൽ നടന്ന അസ്സോസിയേഷനും അതിനെയംഗീകരിച്ച് സുപ്രീംകോടതി നൽകിയ ഡിക്രിയും അനുസരിച്ച് മലങ്കര മെത്രാപ്പോലീത്തായ്ക്ക് ആവശ്യമുള്ളപക്ഷം പള്ളികളിൽ പ്രവേശിക്കുവാൻ പോലീസ് സംരക്ഷണമാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയിലെ ചില ഭാഗങ്ങൾ കേസിന്റെ പരിധിക്കു പുറത്താണെന്ന സുപ്രീംകോടതി ജഡ്ജിയുടെ വാക്കാലുള്ള പരാമർശനമാണ് ഏറ്റവും പുതിയ സംഭവവികാസം. പള്ളികൾക്ക് യുക്തമെന്നു തോന്നുന്ന ഭരണഘടന സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന പരാമർശം കേസിനാധാരമായ വസ്തുതകളുടെ പരിധിക്കു പുറത്താണെന്ന വിധത്തിൽ സുപ്രീംകോടതി ജഡ്ജ്മെന്റുണ്ടായാൽ കേസുകൾ പരിസമാപ്തിയിലെത്തുകയും വിഘടിത വിഭാഗത്തിന് പിടിച്ചു നിൽക്കുവാൻ ഒരു കച്ചിത്തുരുമ്പുപോലുമില്ലാത്ത സ്ഥിതിയിൽ വരുമെന്നും നിരീക്ഷിക്കപ്പെടുന്നു.

സഭയിലെ വിഭജനവാദികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണെന്നു പറയപ്പെടുന്നു, ഫാലി നരിമാൻ സഭയ്ക്കുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായില്ല. പകരം അദ്ദേഹത്തിന്റെ പുത്രനായ റോഹിൺടൻ നരിമാനാണ് ഹാജരായത്. വിഭജനവാദികൾ ഇതുകൊണ്ട് തങ്ങളുടെ ശ്രമം നിർത്തുമെന്ന് അർത്ഥമാക്കേണ്ടതില്ല. പലതരം സമ്മർദ്ദങ്ങളിലൂടെയും ലോബിയിംഗുകളിലൂടെയും വിഭജനമെന്ന അജണ്ട നടപ്പാക്കുവാൻ പതിനെട്ടടവുകളും പയറ്റുക തന്നെ ചെയ്യും. വിഭജനം ഒരു കാരണവശാലുമനുവദിക്കയില്ലെന്ന പ. ദിദിമോസ് ബാവായുടെ നിലപാടിന് സമീപകാലത്ത് പിന്തുണ ഏറിവരുന്നുണ്ട്. വിഭജനവാദികളോടൊപ്പം നിലയുറപ്പിച്ച ഫാ. ഡോ. ഒ. തോമസിന്റെ തിരഞ്ഞെടുപ്പിലെ ദയനീയ പരാജയം പലരുടെയും കണ്ണു തുറപ്പിച്ചിട്ടുണ്ട്. എന്നാലിപ്പോൾ സഭാകേന്ദ്രത്തിൽ അവിഹിത സ്വാധീനം ചെലുത്തുന്ന മണ്ണാറപ്രായിൽ കോറി, എം. ഒ. ജോണച്ചൻ എന്നിവരിലാണ് വിഭജനവാദികളുടെ ശ്രദ്ധ. എന്നാൽ സുപ്രീംകോടതി വിധി അസന്നിഗ്ദ്ധമായ നിലയിൽ വന്നു കഴിഞ്ഞാൽ വിഭജനവാദികൾക്ക് പിടിച്ചു നിൽക്കാനാവില്ല.

പുത്തൻകുരിശു സൊസൈറ്റിയിലെ സമാധാനകാംക്ഷികളായ ഒരു വലിയ വിഭാഗം പുനരൈക്യത്തിന് തയ്യാറെടുക്കുന്നുണ്ട്. തോമസ് പ്രഥമൻ മഫ്രിയാനയുടെ അജ്ഞാതവാസം ചികിത്സക്കെന്ന പേരിലാണെങ്കിലും യഥാർത്ഥ കാരണം മറ്റു പലതാണെന്നും അഭ്യൂഹങ്ങൾ ഉയരുന്നുണ്ട്.

# വിശുദ്ധവാരം: പ്രത്യേക ടി. വി. പരിപാടികൾ

തിരുവനന്തപുരം: വിശുദ്ധവാരം പ്രമാണിച്ചുള്ള പ്രത്യേക ടെലിവിഷൻ പരിപാടികൾ.

6-4-2007 ദുഃഖവെള്ളി - കൈരളി, **രക്ഷാകരമായ കഷ്ടാനുഭവം** (പ. മാത്യൂസ് ദ്വിതീയൻ ബാവാ പഴയസെമിനാരിയിൽ നടത്തിയ ഹാശാ ശുശ്രൂഷകളും ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ധ്യാനവും) 9.00 എ. എം. (ഇൻഡ്യ) 7.30 എ. എം. (യു.എ.ഇ.)

7-4-2007 ദുഃഖശനി (പീപ്പിൾസ്) - **താബോറിലെ താപസൻ** (പ. പാമ്പാടി തിരുമേനിയെക്കുറിച്ച് തയാറാക്കിയ ഡോക്യുമെന്ററി) 1.30 പി. എം. (ഇൻഡ്യ) 12.00 നൂൺ (യു.എ.ഇ.)

8-4-2007 ഈസ്റ്റർ (കൈരളി) വിമോചകന്റെ വഴിത്താരകൾ 9.00 എ. എം (ഇൻഡ്യ) 7.30 എ. എം. (യു.എ.ഇ.)

സഭാചരിത്രകാരനായ എം. കുര്യൻ തോമസാണ് ഈ പരിപാടികളുടെ സംവിധായകൻ.

# പുനരൈക്യ നീക്കം തടയാൻ പുത്തൻകുരിശു പദ്ധതി

**അൽമായവേദി ന്യൂസ് സർവീസ്**

കൊച്ചി: സുപ്രീംകോടതിയിൽ കേസിന്റെ അന്തിമവാദം ആരംഭിച്ചതോടെ പുത്തൻകുരിശു സൊസൈറ്റിയിൽ അങ്കലാപ്പ്. കോടതിവിധി തങ്ങൾക്ക് പ്രതികൂലമാകുമെന്നും 1934–ലെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പുനരൈക്യം അനിവാര്യമാണെന്നും വിഘടിതവിഭാഗം നേതാക്കന്മാർക്ക് ബോധ്യമായതായി അറിയുന്നു.

ഇതോടെ എങ്ങനെയും പുനരൈക്യത്തിനു തടയിടാനുള്ള അണിയറ നീക്കം ആരംഭിച്ചതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. കോടതിവിധി വരുന്ന മുറയ്ക്ക് ഏകപക്ഷീയമായി വെടിനിർത്തൽ പ്രഖ്യാപിയ്ക്കുക എന്നതാണ് തന്ത്രം.

ഈ സംവിധാനമനുസരിച്ച് പൂട്ടിക്കിടക്കുന്ന പള്ളികളടക്കം മലങ്കരസഭ തുറക്കുന്നതിനെ വിഘടിതവിഭാഗം തടയുകയില്ല. പ്രശ്നബാധിത പള്ളികളിലെ ഔദ്യോഗിക വിഭാഗത്തിന്റെ തവണകളിലും തടസമുണ്ടാക്കില്ല. അതോടുകൂടി നിയമപരമായി ഭരണണഘഘടന നടപ്പാക്കുന്ന നടപടി ഒഴിവാക്കുകയും അങ്ങനെ തങ്ങളുടെ അനധികൃത കൈവശത്തിലുള്ള പള്ളികളും തവണകളും സംരക്ഷിക്കുകയും ചെയ്യാമെന്നാണ് അവരുടെ കണക്കുകൂട്ടൽ. ഏതാനും വർഷങ്ങൾക്കുള്ളിൽ വിഘടനവാദം വീണ്ടും ശക്തിപ്പെടുത്തി വിഭജനം യാഥാർത്ഥ്യമാക്കാമെന്നും അവർ കണക്കു കൂട്ടുന്നു. വിധി നടത്താത്തതിന്റെ ദൗർബല്യം അന്ന് മലങ്കരസഭയ്ക്ക് ഉണ്ടാകുമെന്നും അതു തങ്ങൾക്ക് വിജയമാക്കി വിഭജനം യാഥാർത്ഥ്യമാക്കാമെന്നുമാണ് അവരുടെ നിഗമനമെന്ന് അറിയുന്നു.

ഇത്തരമൊരു നീക്കത്തിനു മലങ്കരസഭയിലെ വിഭജനവാദികളുടെ പിന്തുണ ലഭിക്കുമെന്ന് വിഘടിതവിഭാഗം കണക്കു കൂട്ടുന്നു. മലങ്കരസഭയിലെ ചില മെത്രാന്മാരും മെത്രാൻ സ്ഥാനകാംക്ഷികളും ഈ നടപടിയെ പിന്തുണയ്ക്കുമെന്ന് കരുതപ്പെടുന്നു.

വിഘടിതവിഭാഗം പുനരക്യൈപ്പെടുകയും ആ വിഭാഗത്തിലെ മെത്രാന്മാർ അസോസിയേഷന്റെ അംഗീകാരം നേടുകയും ചെയ്താൽ മലങ്കരയിൽ ഉടനെ ഒരു മെത്രാൻ തെരഞ്ഞെടുപ്പ് ഉണ്ടാകില്ലെന്നും അതു തങ്ങളുടെ സ്ഥാനമോഹത്തെ ഇല്ലായ്മ ചെയ്യുമെന്നും ചില മെത്രാൻ പദവി കാംക്ഷികളെങ്കിലും കണക്കു കൂട്ടുന്നു.

## ഫാ. ഡോ. എം. ഒ. ജോണിനെ തെരഞ്ഞെടുത്തിട്ടില്ലെന്ന്

പരുമല: ക്യാനഡ – യു.കെ. – യൂറോപ്പ് ഭദ്രാസനത്തിൽ നിന്ന് മാനേജിംഗ് കമ്മറ്റിയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നിട്ടില്ലെന്ന് പരാതി. പരുമല നടന്ന അസോസിയേഷൻ യോഗത്തിൽ ഫാ. ഡോ. എം. ഒ. ജോൺ അടക്കം ക്യാനഡാ ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ നാമനിർദ്ദേശം വായിച്ചപ്പോൾ തങ്ങൾ ഞെട്ടിപ്പോയെന്ന് ആ ഭദ്രാസനത്തിൽ നിന്നും അസോസിയേഷനിൽ പങ്കെടുത്ത ചില അംഗങ്ങൾ 'അൽമായവേദി'യോടു പറഞ്ഞു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചു പോലും ഒരു തെരഞ്ഞെടുപ്പു നടത്താതെയാണ് ഇടവക മെത്രാപ്പോലീത്താ നാമനിർദ്ദേശങ്ങൾ അയച്ചതെന്നും ഇതു ഭരണഘടനാ ലംഘനമാണെന്നും ചൂണ്ടിക്കാട്ടുന്നു.

വിയന്നാ ഇടവകയുടെ താൽക്കാലിക വികാരി എന്ന നിലയിലാണ് ഫാ. ഡോ. എം. ഒ. ജോൺ ക്യാനഡാ ഭദ്രാസനാംഗമാകുന്നതെന്നും അവിടെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ലെന്നും ക്യാനഡാ ഭദ്രാസനാംഗങ്ങളോടു 'അൽമായവേദി' നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.

അങ്കമാലി ഭദ്രാസന വൈദികസംഘം സെക്രട്ടറിയും അതേ ഭദ്രാസനത്തിലെ മഴുവഞ്ചേരി പള്ളിവികാരിയും ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജരുമായ ഫാ. ഡോ. എം. ഒ. ജോൺ, അടുത്ത തവണ മെത്രാൻ തെരഞ്ഞെടുപ്പിൽ ഔദ്യോഗിക സ്ഥാനാർത്ഥിയാകാനാണ് വളഞ്ഞ വഴിയിലൂടെ ക്യാനഡാ ഭദ്രാസനത്തിൽ നിന്ന് മാനേജിംഗ് കമ്മറ്റിയിൽ കയറിക്കൂടിയതെന്ന് ആരോപണമുണ്ട്.

## അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായ വേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർ ത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക. 4. സംഘടനയുടെ മുഖപത്രമായ അൽമായ വേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**

## അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി


**കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ: 93874 27940**

**സാബു വടകര (വൈസ് പ്രസിഡന്റ്) ഫോൺ: 94474 56969**

**ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡന്റ്) ഫോൺ: 93876 10283**

**തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 93494 37714**

**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ (സെക്രട്ടറി)**

**ഫോൺ: 0481 – 2463138, 93497 54448**

**ബാബു വെട്ടുവേലിൽ (സെക്രട്ടറി) ഫോൺ: 0481 – 2457776**

**കുര്യൻ പി. കുര്യൻ (ട്രഷറർ) ഫോൺ: 93876 05735**

**ജോയ്സ് തോട്ടയ്ക്കാട് (പി. ആർ. ഒ., വെബ് കോ-ഓർഡിനേറ്റർ)**

**0481 – 3255054, 99471 20697**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായ വേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDHI**
**(Reg. No. K - 713/2005) Post Box No. 652,**
**Kottayam 686 001 ഫോൺ: 93497 54448**
**E-mail:orthodoxalmayavedhi@yahoo.co.in**
**Web: www.malankaraorthodoxalmayavedhi.org**


**To visit Our Online Discussion group (Malankara Orthodox Renaissance Movement) on the web, go to:**
**http://in.groups.yahoo.com/group/MORM/**